പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

എ.പി.എൽ.-ബി.പി.എൽ പട്ടികയിലെ ന്യൂനതകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 3246

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | എ.പി.എൽ.-ബി.പി.എൽ പട്ടിക തയ്യാറാക്കിയതിൽ ന്യൂനതകൾ കടന്നുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രസിദ്ധീകരിച്ച ബി.പി.എൽ ലിസ്റ്റിൻമേൽ പൊതുജനങ്ങൾക്ക് ആക്ഷേപങ്ങളും പരാതികളും സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. പരാതികൾ/ആക്ഷേപങ്ങൾ അദ്ധ്യാപകരെ ഉപയോഗിച്ച് പുനഃപരിശോധിക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായെങ്കിലും മേൽ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 21-12-2011-ലെ സ.ഉ.(സാധാ)നം. 3050/2011/തസ്വഭവ ഉത്തരവ് പ്രകാരം ടി പരാതികൾ/ ആക്ഷേപങ്ങൾ അന്വേഷിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് സാമൂഹിക സാമ്പത്തിക ജാതി സെൻസസ്സ് എന്യൂമറേറ്റർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലഭിച്ച പരാതികളിൽ 40% ത്തോളം വാർഡ് നമ്പരും, വീട് നമ്പരും ഇല്ലാത്തതായതിനാൽ ഇത്തരം പരാതികൾ സമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേറ്റർമാരെക്കൊണ്ട് പുനഃപരിശോധിപ്പിക്കുന്നത് സമൂഹിക ജാതി സെൻസസ് വളരെ വൈകുവാൻ ഇടയാക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ 2009 ബി.പി.എൽ ലിസ്റ്റിൻമേൽ ലഭിച്ച പരാതികൾ എസ്.ഇ.സി.സി എന്യൂമറേറ്റർമാരെ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | ഇപ്പോൾ പരിശോധിക്കേ ണ്ടതില്ലെന്നും ആവശ്യമെങ്കിൽ ഇക്കാര്യം എസ്.ഇ.സി.സി എന്യൂമറേഷനുശേഷം അന്വേഷിപ്പിക്കാവുന്നതാണെന്നും 27-04-2012 -ലെ സ.ഉ.(സാധാ) നം. 1205/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നാൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേഷൻ പൂർത്തിയായെങ്കിലും ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ പല ജില്ലകളിലും ജില്ലാ കളക്ടർമാർ മുൻകൈയ്യെടുത്ത് ബിപിഎൽ അർഹത സംബന്ധിച്ച പരാതികൾ പരിശോധിച്ച് അർഹരായവർക്ക് ബിപിഎൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (സി) | എ.പി.എൽ വിഭാഗത്തിൽപ്പെടുന്ന, പെൺമക്കൾ മാത്രമുള്ള വിധവകൾ/ഭർത്താവ് ഉപേക്ഷിച്ചു പോയവർ എന്നിവർക്ക് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; | (സി) | 27.04.2012-ലെ 112/12/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം ഭർത്താവ് മരണമടഞ്ഞ സ്ത്രീകളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. |
| (ഡി) | എങ്കിൽ അവരുടെ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ; | (ഡി) | വാർഷിക വരുമാനം 50,000/- രൂപവരെ ഉള്ളവരെ ബി.പി.എൽ. ആയി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാൻ 14.05.2013-ലെ സർക്കാർ ഉത്തരവ്(എം.എസ്.)നം.172/13/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഇ) | നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകളെ വിധവകളായി പരിഗണിക്കുമോ; എങ്കിൽ ബന്ധം വേർപെടുത്തി എത്ര വർഷത്തിനുശേഷമാണ് ഈ പരിഗണന ലഭിക്കുന്നത്; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ